**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 78** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണത്തിൽ നഷ്ടപരിഹാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. ഷിബു തെക്കുംപുറം

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ

(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും അർഹമായ നഷ്ടപരിഹാരം കണക്കാക്കുന്നതിനും അനുവദിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത് "1980 ലെ Kerala Rules for Payment of Compensation to Victims of Attack by Wild Animals " പ്രകാരമാകുന്നു. ഈ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം കാലോചിതമായി നഷ്ടപരിഹാര നിരക്കുകൾ പരിഷ്കരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമാണ് മനുഷ്യ -വന്യജീവി സംഘർഷങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത് .

**(ബി)** വന്യജീവി ആക്രമണത്തിൽ മരണവും പരിക്കും സംഭവിക്കുമ്പോൾ നഷ്ടപരിഹാരത്തെച്ചൊല്ലി ഓരോ പ്രദേശത്തും പ്രതിഷേധങ്ങളും തർക്കങ്ങളും ഉടലെടുക്കുന്നത് ഒഴിവാക്കാൻ ഇതിനായി വ്യക്തമായ മാർഗരേഖയും മാനദണ്ഡങ്ങളും രൂപീകരിക്കുമോ;

**<u>മറുപടി:</u>** വ്യക്തമായ മാർഗരേഖയും മാനദണ്ഡങ്ങളും നിലവിലുള്ളതാണ്.

**(സി)** വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിയിലും പരിക്കിലും ലഭ്യമാകേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾക്കായി മന്ത്രിസഭാതീരുമാനം വരെ കാത്തിരിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ചട്ടപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമില്ലാത്തതാണ്.

**(ഡി)** മാധ്യമ, പൊതുജന ശ്രദ്ധ ലഭിക്കാതെ പോകുന്ന വന്യജീവി ആക്രമണ സംഭവങ്ങളിൽ നഷ്ടപരിഹാരം ലഭിക്കാനുണ്ടാകുന്ന ദീർഘമായ കാലവിളംബം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**